# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2944 11.12.2014 -ലെ മറുപടിയ്ക്ക്**

**പുതിയ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ. പി. കെ. അബ്ദുറബ്ബ്. (ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പുതിയ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 പഞ്ചായത്തുകളിൽ രണ്ടു ബാച്ചുകൾ വീതം ഉൾക്കൊള്ളുന്ന ഓരോ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കാനും നിലവിലുള്ള അർഹതയുള്ള ഹൈസ്കൂളുകളെ ഹയർ സെക്കന്ററി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിനും എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ പുതുതായി ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിനും (ആകെ 678 ബാച്ചുകൾ) 29/05/2013 ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11/06/2013-ലെ സ.ഉ. (കൈ.) നം. 185/13/പൊവി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ഓരോ സ്ഥലത്തെയും വിദ്യാഭ്യാസ ആവശ്യകത അനുസരിച്ച് പുതുതായി ഹയർ സെക്കന്ററി സ്കൂളുകളും ഹയർ സെക്കന്ററി അധിക ബാച്ചുകളും അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് 14/06/2013-ാം തീയതിയിലെ എസി ഡി സി3/16830/എച്ച് എസ് ഇ/2013 നമ്പർ നടപടി ക്രമ പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. മാനദണ്ഡങ്ങൾ പ്രസ്തുത വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്നു. |

പ്രസ്തുത വിജ്ഞാപനപ്രകാരം ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ആവശ്യമായ ശുപാർശയോടുകൂടി സർക്കാരിൽ സമർപ്പിക്കുവാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അധ്യക്ഷനായി ഒരു ആറംഗ സമിതിയെയും 25/06/2013-ലെ സ.ഉ. (കൈ.) നം.194/13/പൊവി നമ്പർ ഉത്തരവ് പ്രകാരം സർക്കാർ രൂപീകരിക്കുകയുണ്ടായി.

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ടി വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിക്കുകയും 642ബാച്ചുകൾ അനുവദിക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ട് 19/05/2014-ലെ എസിഡി സി3/16830/13/എച്ച് എസ് ഇ നമ്പർ കത്ത് പ്രകാരം സർക്കാരിന് ലഭ്യമാക്കി. എന്നാൽ സർക്കാർ മുഴുവൻ കാര്യങ്ങളും പുന:പരിശോധിക്കുകയും മേൽപ്പറഞ്ഞ ഉത്തരവുകളും വിജ്ഞാപനവും അനുസരിച്ചുള്ള നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ചു. പകരം സംസ്ഥാനത്തൊട്ടാകെ ആവശ്യമുള്ളിടത്ത് അധിക ബാച്ച് അനുവദിക്കുന്നതിന് 24/05/2014-ലെ സ.ഉ.(കൈ.) നം. 86/2014/പൊവി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 26/05/2014-ലെ എസിഡി സി3/21437/എച്ച്എസ് ഇ/2014 നമ്പർ വിജ്ഞാപന പ്രകാരം അധിക ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുകയുണ്ടായി. മാനദണ്ഡങ്ങൾ പ്രസ്തുത വിജ്ഞാപനത്തിലും നിഷ്കർഷിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിലെയും വിജ്ഞാപനത്തിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും 408 അധിക ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിന് 18/06/2014-ലെ

കത്ത് പ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിച്ചു. എന്നാൽ 24/05/2014-ലെ സർക്കാർ ഉത്തരവും 26/05/2014-ലെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപനവും ഡബ്ല്യു പി (സി) നം.13851/14, കേസിലും മറ്റു ബന്ധപ്പെട്ട ഹർജികളിന്മേലും ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച10/07/2014-ലെ വിധിന്യായ പ്രകാരം റദ്ദുചെയ്യുകയും റിട്ട് അപ്പീൽ നമ്പർ 1341/2013 കേസിന്മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 11/04/2014-ലെ വിധിന്യായത്തിൽ ഉത്തരവായതുപോലെ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായ ആറംഗ സമിതി ശുപാർശ ചെയ്തു, 19/05/2014-ലെ കത്തിനോടൊപ്പം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമുള്ള ഹയർ സെക്കന്ററി സ്കൂളുകളും ബാച്ചുകളും അനുവദിക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. 23.07.2014ലെ മന്ത്രി സഭാ യോഗം സംസ്ഥാനത്തൊട്ടാകെ ഗവൺമെന്റ്/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 700ഹയർ സെക്കന്ററി ബാച്ചുകൾ ഉൾപ്പെട്ട ഒരു പട്ടികയ്ക്ക് അംഗീകാരം നൽകുയും 31/07/2014-ലെ സ.ഉ. (കൈ.) നം. 143/2014/ പൊവി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഉണ്ടായി. 18.08.2014-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 19.05.2014-ലെ റിപ്പോർട്ടിൽ ഉൾപ്പെട്ട സ്കൂളുകൾക്കുമാത്രം പ്ലസ് ടു ബാച്ചുകളും പ്രവർത്തനാനുമതിയും അനുവദിച്ചുകൊണ്ട് 24.11.2014-ലെ സ.ഉ(കൈ)നം.247/ 2014/പൊ.വി പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(ബി) അർഹതയില്ലെന്ന് വിദഗദ്ധ സമിതി കണ്ടെത്തിയ അപേക്ഷയിൽ സർക്കാർ തലത്തിൽ അംഗീകാരം നൽകുകയുണ്ടായോ; ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം എന്തായിരുന്നുവെന്നറിയിക്കുമോ?

(ബി) 19/05/2014-ലെയും 18/06/2014-ലെയും കത്തുകൾ മുഖാന്തിരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ശുപാർശകളും പ്രാദേശികമായ വിദ്യാഭ്യാസ ആവശ്യകതയും പരിഗണിച്ച് അർഹതയുള്ള സ്കൂളുകൾക്ക് മാത്രമാണ് സർക്കാർ അംഗീകാരം നൽകിയത്.

സെക്ഷൻ ഓഫീസർ